പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :709 | 05.06. 2018 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അതിരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ജലനിധിക്കു കീഴിലുള്ള ചിക്ലായി, നർമ്മദ കുടിവെള്ള പദ്ധതികളിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോ;<br><br>(ബി) നിലവിൽ കൃത്യമായി വൈദ്യുതി ചാർജ്ജ് അടച്ചു വരുന്ന പ്രസ്തുത കുടിവെള്ള പദ്ധതികളിൽ മുൻകാലത്തെ ചാർജ്ജ് കുടിശ്ശികയായിരിക്കുന്നത് അടയ്ക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട ജനവിഭാഗങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ഈ കുടിവെള്ള പദ്ധതികൾ തുടർന്നു കൊണ്ടു പോകുന്നതിന് സഹായകരമായ നിലപാട് വൈദ്യുതി വകുപ്പ് സ്വീകരിക്കുമോ? | (എ) & (ബി) അതിരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ജലനിധി പദ്ധതികളിൽ ഗാർഹികേതരാവശ്യങ്ങൾക്കായി കുടിവെള്ള മുപയോഗിക്കുന്നതായി കണ്ടെത്തിയതിനാൽ തേനരുവി-നർമ്മദ പദ്ധതിക്ക് 4,97,950/- രൂപയുടെയും ചിക്ലായി പദ്ധതിക്ക് 6,92,125/- രൂപയുടെയും അധിക ബില്ല് നൽകിയിരുന്നു. ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബില്ലുകൾ രണ്ടു വർഷത്തേക്കായി നിജപ്പെടുത്തി തേനരുവി – നർമ്മദ പദ്ധതിക്ക് 1,98,710/- രൂപയായും ചിക്ലായി പദ്ധതിക്ക് 2,43,272/- രൂപയായും കുറവ് ചെയ്ത് നൽകിയിട്ടുണ്ട്.<br><br>നർമ്മദ– തേനരുവി ജലനിധി, ചിക്ലായി ജലനിധി സെക്രട്ടറിയുടെ അധിക ബിൽ ഒഴിവാക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ വിശദമായി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ